പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1569 **01-07-2026-ൽ മറുപടിയ്ക്ക്**

<u>എരുമപ്പെട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ വിപുലീകരണം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) നബാർഡ് സഹായം ഉപയോഗപ്പെടുത്തി കുന്നംകുളം മണ്ഡലത്തിൽ എരുമപ്പെട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം പൂർത്തീകരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നബാർഡ് സഹായം ഉപയോഗപ്പെടുത്തി കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം പൂർത്തീകരിച്ച്, 25.09.2025-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒ.പി. വിപുലീകരിക്കുന്നതിനും ഐ.പി. ആരംഭിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

<u>മറുപടി:</u> പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ഒ.പി. സേവനം നൽകിവരുന്നു. ഐ.പി. സേവനം ആരംഭിക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും, നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഐ.പി. സേവനം ആരംഭിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. G.O(Rt)No.1633/2021/H&FWD തീയതി 01.08.2021 ഉത്തരവ് പ്രകാരം എരുമപ്പെട്ടി സി.എച്ച്.സി.യെ ബ്ലോക്ക് എഫ്.എച്ച്.സി. ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ബ്ലോക്ക് എഫ്.എച്ച്.സി.കളുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയ്ക്ക് അംഗീകാരം ലഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പരിശോധിച്ച് അംഗീകാരം നൽകിയതിനുശേഷം മാത്രമേ സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുവാനാകൂ.

(സി) ഇതിനാവശ്യമായ ഡോക്ടർമാരേയും പാരമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ